പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3044

28/01/2014 ൽ മറുപടിയ്ക്ക്

## ചെക്കാനനായട്ട്ക്കണ്ട് പട്ടികജാതി/വർഗ്ഗ കോളനിയിൽ പട്ടയം വിതരണം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) പുതുക്കാട് മണ്ഡലത്തിലെ ചെക്കാനനായട്ട്ക്കണ്ട് പട്ടികജാതി/വർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നാളിതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ മുകന്ദപുരം താലൂക്ക് പരിധിയിൽ വരുന്ന പുതുക്കാട് മണ്ഡലത്തിലെ വെള്ളിക്കുളങ്ങര വില്ലേജിൽ സ്ഥിതിചെയ്യുന്ന ചെക്കാന നായാട്ട്ക്കണ്ട് പട്ടികജാതി/വർഗ്ഗ കോളനി നിവാസികൾ ഉൾപ്പെടെയുള്ള 215 പേർക്ക്, 1993 കേരള ഭൂമി പതിവ് പ്രത്യേക നിയമത്തിനു വിധേയമായി വനഭൂമി പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്തപരിശോധന കഴിഞ്ഞ് ലിസ്റ്റ് തയ്യാറാക്കി വനം വകുപ്പു മുഖാന്തിരം കേന്ദ്രാനുമതി ലഭിക്കുന്നതിലേക്കായി കൈമാറിയിട്ടുണ്ട്. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) പ്രസ്തുത പട്ടയം ലഭ്യമായിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ; | ബി) കേന്ദ്രാനുമതി ലഭിക്കാത്തതിനാൽ പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. |
| സി) പ്രസ്തുത പ്രദേശത്തെ കുടുംബങ്ങൾക്ക് എന്ന് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | സി) കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Layeem

സെക്ഷൻ ഓഫീസർ